പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2560 **28-10-2026-ൽ മറുപടിയ്ക്ക്**

തിരുവല്ല നിയോജകമണ്ഡലത്തിലെ കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗീസ് മാമ്മൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ;

മറുപടി: പട്ടികജാതി വകുപ്പിന് കീഴിൽ 4 പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. (തിരുവനന്തപുരം-മണ്ണന്തല, എറണാകുളം-ആലുവ, പാലക്കാട്-കുഴൽമന്ദം, കോഴിക്കോട്). മേൽ 4 PETC കളിലും വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന MRS, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലും വെർച്വൽ ക്ലാസ് റൂമുകളും, PETC കൾ ഇല്ലാത്ത 10 ജില്ലകളിലെ പ്രധാന കേന്ദ്രങ്ങളിൽ വെർച്വൽ ലേർണിംഗ് സെന്ററുകളും, അത്യാധുനിക സൗകര്യങ്ങളോട് കൂടിയ വെർച്വൽ ക്ലാസ് റൂമുകളും ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിലെ അംബേദ്ക്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സൊലൂഷൻസ് (ICFOSS), സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി. വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ അംബേദ്കർ ഭവനിൽ, മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി ഗവൺമെന്റ് അംഗീകൃതമായ ഏത് ഏജൻസി മുഖേനയും പദ്ധതി നടപ്പിലാക്കാമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അനുമതി നൽകിയിരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് തിരുവല്ല നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ലഭ്യതയ്ക്കനുസരിച്ച് വെർച്വൽ ലേർണിംഗ് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) സിവിൽ സർവീസ്, വിദേശ ഭാഷാപഠനം തുടങ്ങിയ മേഖലകൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത സെന്റർ എത്രയും വേഗം ആരംഭിക്കാൻ മുൻഗണന നല്കാമോ?

മറുപടി: 30 പട്ടികവർഗ വിദ്യാർത്ഥികൾക്കും, പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കുന്ന സമർത്ഥരായ 60 പട്ടികജാതി വിദ്യാർത്ഥികൾക്കും കേരളത്തിനകത്തും പുറത്തുമുള്ള മികച്ച സ്ഥാപനങ്ങൾ വഴി സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിന് ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രത്യേകമായി നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഈ മേഖലയിൽ പുതിയ കോഴ്സ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. വിദേശ ഭാഷാപഠനം ഉൾപ്പെടുത്തുന്നതും നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ